(സി) ഇൻഫോപാർക്കിന്റെ 91 ഏക്കർ സ്ഥലമുൾപ്പെടെ ഏകദേശം 400 ഏക്കർ സ്ഥലമാണ് കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട നിർമ്മാണത്തിന് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) നാളിതുവരെ ഇൻഫോപാർക്കിന്റെ വികസനത്തിനായി കിൻഫ്രയും ഇൻഫോപാർക്കുംകൂടി ഏകദേശം 65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കരാറുകൾ ഒന്നും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ചർച്ചകൾ നടക്കുന്നതേയുള്ളൂ.

കായികതാരങ്ങൾക്ക് ജോലി

37 [2382] *ശ്രീ. വി. സി. ജോർജ്ജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ അഡ്മിനിസ്ട്രേഷൻ (സർവീസസ്-ഡി) ഡിപ്പാർട്ട്മെന്റ് ഗവൺമെന്റ് ഓഫ് കേരള ഉത്തരവ് നമ്പർ 5/515/എസ്. ഡി1/1998/ജി.എ.ഡി. തീയതി 25-11-1998-ലെ ഉത്തരവ് പ്രകാരം 1990-നും 1996-നും ഇടയിൽ സ്പോർട്സ്/ഗയിംസിൽ നല്ല നിലവാരം പുലർത്തിയ എത്ര കായിക താരങ്ങളെ സർക്കാർ വിവിധ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ട്; ഇനം തിരിച്ച്, ഓരോ വകുപ്പിലും ആരെയൊക്കെ എന്തൊക്കെ ഡിസിപ്ലിനുകളിലാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) 23-12-2003-ലെ 54735/എസ്.ഡി1/03/ജിഎഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം എത്ര കായികതാരങ്ങളെ സർക്കാർ സർവ്വീസിൽ എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇവരുടെ പേരുകളും, ഡിസിപ്ലിനുകളും തിരിച്ച് ഡിപ്പാർട്ടുമെന്റുകളും ഏതെന്ന് വ്യക്തമായി അറിയിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 2003-ലെ ഉത്തരവ് പ്രകാരം നാഷണലിൽ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന കായികതാരങ്ങൾക്ക് ജോലിക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓരോ ഡിസിപ്ലിനുകളിലും നാഷണലിൽ പങ്കെടുത്തവർക്കുകൂടി ജോലിക്ക് അപേക്ഷിക്കാൻ അവസരം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രഗൽഭരായ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 1990-1996 കാലയളവിൽ പ്രകടിപ്പിച്ച കായികമികവിന്റെ അടിസ്ഥാനത്തിൽ, ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 25-11-1998-ൽ 5/515/എസ് ഡി1/98/ജിഎഡി നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകളിൽനിന്ന് ഏറ്റവും മികച്ച 100 പേരെ തെരഞ്ഞെടുത്ത്, നിയമനം നൽകിക്കൊണ്ട് 17-3-2001-ൽ ജി.ഒ. (എംഎസ്.) 105/01/ജി.എ.ഡി. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ശ്രീ. പ്രദീപ് മാത്യു പേഴ്സ്, ശ്രീമതി ബി. സുധ, ശ്രീമതി വി. കെ. ജയശ്രീ (സീരിയൽ നമ്പർ യഥാക്രമം 3, 28, 95) എന്നിവരെ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ നിയമിച്ചുകൊണ്ട് പിന്നീട് ഉത്തരവ് പുറപ്പെടുവിച്ചു. അതുപോലെ ശ്രീ. റോബർട്ട് ജോബി ജോർജ്ജിനെ (സീരിയൽ നമ്പർ. 6) ഇറിഗേഷൻ വകുപ്പിൽ മെക്കാനിക്കൽ എൻജിനീയർ ആയി നിയമിച്ചു. ശ്രീമതി പി. ആർ. ശ്രീദേവി (സീരിയൽ നമ്പർ 55) ജോലിയിൽ പ്രവേശിക്കാത്തതിനാൽ ടിയാൾക്ക് പകരം ശ്രീമതി കെ. ജെ. ജെറ്റ്സി, കാക്കനാട് ഹൗസ്, കഴൂർക്കാട് പി. ഒ., മൂവാറ്റുപുഴ, എറണാകുളം എന്നയാൾക്ക് പകരം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അസിസ്റ്റന്റ് ഗ്രേഡ് തസ്തികയിൽ നിയമനം നൽകി. ശ്രീമതി എം. ഉഷ (സീരിയൽ നമ്പർ 45) ജോലിയിൽ പ്രവേശിക്കാത്തതിനാൽ ടിയാൾക്ക് പകരം എസ്. എൽ. മിനി, അറപ്പുരമഠം, പിരപ്പൻകോട്, തിരുവനന്തപുരം എന്നയാൾക്ക് ലാന്റ് റവന്യൂ വകുപ്പിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നൽകി.

ശ്രീമതി പ്രിയാ ജയിംസ് (സീരിയൽ നമ്പർ 59) ജോലിയിൽ പ്രവേശിക്കാത്ത ഒഴിവിൽ പരിത എസ്. കുറുപ്പ്, റ്റി. സി. 9/1400, ഹരിശ്രീ, സൂര്യാ ഗാർഡൻ, ശാസ്തമംഗലം, തിരുവനന്തപുരം എന്നയാൾക്ക് ജലസേചന വകുപ്പിൽ എൽ. ഡി. സി. തസ്തികയിൽ നിയമനം നൽകി. ശ്രീമതി സിമി മാത്യു (സീരിയൽ നമ്പർ 1) ജോലിയിൽ പ്രവേശിക്കാത്തതുമൂലം ഉണ്ടായ ഒഴിവിൽ ശ്രീമതി എൻ. പി. സാന്റി, നടക്കൽ ഹൗസ്, വയട്ടപറമ്പ്, കണ്ണൂർ എന്നയാൾക്ക് കൃഷി വകുപ്പിൽ എൽ. ഡി. സി. തസ്തികയിൽ നിയമനം നൽകി. മേൽപ്പറഞ്ഞതിൽ ശ്രീമതി പരിത എസ്. കുറുപ്പ് ജോലിയിൽ പ്രവേശിക്കാത്തതിനാൽ 'ബാസ്ക്കറ്റ്ബോൾ' വിഭാഗത്തിൽ ഒരു ഒഴിവു നിലവിലുണ്ട്. അതിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അതുപോലെതന്നെ ശ്രീ. റ്റി. കെ. സെന്തിൽകുമാർ (സീരിയൽ നം. 41) ശ്രീ. ബി. കുമാർ (സീരിയൽ നമ്പർ 43) എന്നിവർ ജോലിയിൽ പ്രവേശിക്കാത്തതുമൂലം ഉണ്ടായ ഒഴിവിൽ ശ്രീ. ജി. ബി. രാജേഷ്, ഭഗവതി വിലാസം, പച്ച, പാലുവള്ളി, തിരുവനന്തപുരം എന്നയാൾക്ക് കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കായും ശ്രീ. എൽ. വിനോദ്കുമാർ ടി.സി. 52/1350, വിനോദ് ഭവനം, തൃക്കണ്ണാപുരം, തിരുവനന്തപുരം എന്നയാൾക്ക് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് ഗ്രേഡ്-2 ആയും നിയമനം നൽകിയിട്ടുണ്ട്.

(ബി) 23-12-2003-ലെ വിജ്ഞാപനപ്രകാരം 100 കായികതാരങ്ങൾക്ക് നിയമനം നൽകുവാനാണ് തീരുമാനം. ഇതിൽ കോടതിയുടെ സ്റ്റേ ഉള്ള സൈക്ലിംഗ് വിഭാഗത്തിലുള്ള 5 തസ്തിക ഒഴിച്ച് 95 അർഹരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അസാധാരണ ഗസറ്റ് ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. [ജി.ഒ.(ആർടി.) നമ്പർ 859/2005/ജി.എ.ഡി. തീയതി, 1-7-2005] നിയമനം നൽകാനുള്ള നടപടി ഉടനടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇനി നടത്താനിരിക്കുന്ന നിയമനങ്ങൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly